പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1378 — 13.06.2014-ലെ മറുപടിക്ക്

ക്ഷീരസഹകരണ സംഘങ്ങൾക്കും കർഷകർക്കും പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസഹകരണ സംഘങ്ങൾക്കും കർഷകർക്കും പ്രഖ്യാപിച്ചിട്ടുള്ളതായ പദ്ധതികൾ എന്തെല്ലാമെന്നതിന്റെ വിശദാംശം നൽകുമോ; | (എ) | ക്ഷീരസഹകരണ സംഘങ്ങൾക്കും കർഷകർക്കുമായി ക്ഷീരവികസന വകുപ്പ് മുഖേന ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റച്ചെലവ് കുറച്ച് ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് സബ്സിഡി അനുവദിക്കുന്ന തീറ്റപ്പുൽ കൃഷി വികസന പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി ഉദ്ദേശിച്ചുകൊണ്ട് ക്ഷീരസഹകരണ സംഘങ്ങൾക്ക് Operational Assistance, സംഘങ്ങളെ എഫ്.എസ്.എസ്.എ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നിലവാരത്തിലെത്തിക്കുന്നതിനുള്ള ധനസഹായം, ശുചിത്വമുള്ള സംഭരണ മുറികൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം, ഡയറി പ്ലാന്റുകൾ നവീകരിക്കുന്നതിനും, ആവശ്യാധിഷ്ഠിത ധനസഹായം, ബി.എം.സി കൂളറുകൾ, കാലിത്തീറ്റ ഗോഡൗൺ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള ധനസഹായം, ഫാർമർ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും, മിൽമാ റൂട്ടിൽ പാലെത്തിക്കുന്നതിനുള്ള കടത്തുകൂലി ഇവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ മിൽമയുടെ |

വിവിധ മേഖലാ യൂണിയനുകൾ വഴി അതാതിന്റെ പ്രവർത്തനമേഖലയിലുള്ള ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങളിലെ കർഷകർക്കും സംഘങ്ങൾക്കുമായി കെട്ടിടനിർമ്മാണ ഗ്രാന്റ്, കാലിത്തീറ്റ സബ്സിഡി, പ്രൊഡക്ഷൻ ഇൻസെന്റീവ്, ജീവനക്കാർക്കും കർഷകർക്കും മെഡിക്ലെയിം, ഗ്രാറ്റിവിറ്റി പദ്ധതികൾ, കന്നുകാലികളെ വാങ്ങുന്നതിനുള്ള പലിശ സബ്സിഡി, സ്കോളർഷിപ്പുകൾ, ആം ആദ്മി ബീമാ യോജനാ പദ്ധതി, അപകട ഇൻഷ്വറൻസ്, മൃഗചികിത്സാ സഹായം, പരിശീലന പരിപാടികൾ തുടങ്ങിയവയും ലഭ്യമാക്കിവരുന്നു.

(ബി) ക്ഷീരകർഷകർക്കായി ഏതെല്ലാം വായ്പാ പദ്ധതി ലഭ്യമാക്കുന്നുണ്ടെന്നറിയിക്കുമോ;

(സി) പ്രസ്തുത വായ്പകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

ബി) & (സി) ക്ഷീരകർഷകർക്കായി വായ്പാ പദ്ധതികൾ പ്രധാനമായും ആവിഷ്കരിച്ചിരിക്കുന്നത് സഹകരണ ബാങ്കുകളും വാണിജ്യ ബാങ്കുകളുമാണ്. ക്ഷീരവികസന വകുപ്പും, മിൽമയുടെ മേഖലാ യൂണിയനുകളും ക്ഷീരകർഷകർക്ക് ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്ത് നൽകുന്നുണ്ട്.
ഇപ്രകാരം വായ്പകൾ ലഭിക്കുന്നതിന് ഉള്ള മാനദണ്ഡങ്ങൾ അതാത് ബാങ്കുകളാണ് നിശ്ചയിക്കുന്നത്.

(ഡി) ക്ഷീരകർഷകരെ ശാക്തീകരിക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

(ഡി) ക്ഷീരകർഷകരെ ശാക്തീകരിക്കുന്നതിനായി വകുപ്പ് നടപ്പുവർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.
1. തെരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ സമഗ്ര ക്ഷീരവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക 2. തീറ്റപ്പുല്ലിന്റെ ലഭ്യത കൂട്ടുന്നതിനായി ഹൈഡ്രോപോണിക് ഫോഡർ ഉല്പാദനം പോലുള്ള ഹൈടെക് ഫോഡർ ഉല്പാദന രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
3. വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ, കോളാർ മോഡൽ തീറ്റപ്പുൽ കൃഷി പദ്ധതി, ജൈവ വേലിയോടു കൂടിയ പുൽ-പയർ സമ്മിശ്രിത കൃഷി രീതി, സൈലേജ് (ടാങ്ക്/ബാഗ്) മുതലായവയും നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ